പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2194 07.12.2015 ൽ മറുപടിക്ക്

## വാഹന അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ രണ്ടു വർഷത്തിനിടെ സംസ്ഥാനത്ത് വാഹന അപകടങ്ങളിൽ എത്ര പേർ മരിച്ചു എന്നും പരിക്കേറ്റവർ എത്രയെന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ 2 വർഷത്തിനിടയിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ 8307 പേർ മരണപ്പെടുകയും 81442 പേർക്ക് പരിക്കേൽക്കുകയുമുണ്ടായി. |
| (ബി) | റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും കഴിഞ്ഞ 3 വർഷത്തിനിടെ റോഡുകളുടെ സുരക്ഷയ്ക്കായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ; | (ബി) | റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടെ റോഡുകളുടെ സുരക്ഷയ്ക്കായി വിവിധ വകുപ്പുകൾക്കും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കുമായി നൽകിയ ഫണ്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കഴിഞ്ഞ 3 വർഷത്തിനിടെ, വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫീ, ഫൈൻ, ടാക്സ് എന്നീ ഇനത്തിൽ മോട്ടോർ വാഹന വകുപ്പിന് എന്തു തുക ലഭിച്ചു എന്ന് വിശദമാക്കുമോ; | (സി) | 2012-2015 മാർച്ച് വരെ ഫീസിനത്തിൽ 617.31 കോടി രൂപയും പിഴയിനത്തിൽ 235.10 കോടി രൂപയും ടാക്സായി 5356.74 കോടി രൂപയും മോട്ടോർ വാഹന വകുപ്പിന് ലഭിച്ചു. |
| (ഡി) | ഇതിൽ എത്ര രൂപ റോഡുകളുടെ സുരക്ഷയ്ക്കു വേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) | റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി 59,24,11,301/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്